LIBRARY ARCHIVES Kerala Legislative Assembly

ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധന

172 (238) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനകാര്യ വകുപ്പിലെ ഏതെല്ലാം ചെലവിനങ്ങളാണ് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനയ്ക്ക് അയയ്ക്കേണ്ടത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതു സംബന്ധമായ നിയമം, ചട്ടം, ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(സി) ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധന പൂർത്തിയാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഗവൺമെന്റ് ഫണ്ട് ഉപയോഗിച്ച് നടത്തുന്ന സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലെ മരാമത്ത് പണികളുടെ പരിശോധന (ചെലവിനങ്ങളുടെ പരിധിയില്ലാതെ) നടത്തുകയും സർക്കാരിന് സാങ്കേതിക കാര്യങ്ങളിൽ ഉപദേശം നൽകുകയും ചെയ്യുന്നു.

(ബി) ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

1. ഉത്തരവ് (പി) നമ്പർ 264/72/പി.ഡബ്ല്യു.ഡി. തീയതി 1-11-1972.
2. ഉത്തരവ് (എം.എസ്)നമ്പർ 257/75/എൽ.എ & എസ് ഡബ്ല്യു.ഡി. തീയതി 4-10-1975.
3. ഉത്തരവ് (ആർ.റ്റി) നമ്പർ 466/75/റ്റി.ഡി. തീയതി 11-9-1975.
4. ഉത്തരവ് (എം.എസ്)നമ്പർ 134/75/ഡി.ഡി. തീയതി 7-11-1975.
5. ഉത്തരവ് (എം.എസ്) നമ്പർ 232/75/പി.ഡബ്ല്യു.ഡി. തീയതി 2-12-1975.
6. ഉത്തരവ് (ആർ.റ്റി) നമ്പർ 105/75/ഫുഡ്. തീയതി 9-1-1976.
7. ഉത്തരവ് (ആർ.റ്റി)നമ്പർ 316/76/ പി.ഡബ്ല്യു.ഡി. തീയതി 1-3-1976.
8. ഉത്തരവ് (എം.എസ്) നമ്പർ 307/76/പി.ഡി. തീയതി 2-9-1976.
9. ഉത്തരവ് (ആർ.റ്റി) നമ്പർ 2682/76/ എൽ.എ & എസ്. ഡബ്ല്യു.ഡി. തീയതി 29-9-1976.
10. ഉത്തരവ് (എം.എസ്) നമ്പർ 136/76/ഡി.ഡി. തീയതി 29-10-1976.
11. ഉത്തരവ് (ആർ.റ്റി) നം.2105/85/എൽ. എ & എസ്. ഡബ്ല്യു. ഡി. തീയതി 2-7-1985.

12. ഉത്തരവ് (പി) നമ്പർ 506/92/ധന. തീയതി 20-8-1992.

13. സർക്കുലർ നമ്പർ 9/2009/ധന തീയതി 9-2-2009.

14. സർക്കുലർ നമ്പർ 55/2010/ധന തീയതി 19-6-2010.*

(സി) കാലപരിധി നിശ്ചയിച്ചിട്ടില്ല. എങ്കിലും ഈ വകുപ്പ് നടത്തുന്ന എല്ലാ അന്വേഷണങ്ങളും സമയബന്ധിതമായി പൂർത്തിയാക്കുകയും, അന്വേഷണ റിപ്പോർട്ട് അനന്തര നടപടികൾക്കായി സർക്കാരിന് സമർപ്പിക്കുകയും ചെയ്യുന്നു.

മുൻ അവധി പാസ്സാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ

173 (239) ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിൽ ഷോളയൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ സ്റ്റാഫ് നേഴ്സ് ആയി പ്രവർത്തിച്ചിരുന്ന ശ്രീമതി ബി. റീത്തയുടെ മുൻ അവധി പാസ്സാക്കണമെന്ന് ആവശ്യപ്പെട്ട് ധനകാര്യ വകുപ്പുമന്ത്രിക്ക് അപേക്ഷ ലഭിച്ചിരുന്നോ ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ വകുപ്പ് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ശ്രീമതി റീത്തയുടെ അപേക്ഷ വസ്തുതാപരമായി പരിശോധിച്ച് അവധി അനുവദിച്ച് നൽകുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

(ഡി) അവധി കാലയളവ് സർവ്വീസ് ആനുകൂല്യങ്ങൾ ലഭ്യമാകത്തക്ക രീതിയിൽ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2005-06 കാലയളവിൽ അനുഭവിച്ചതും 2010-ൽ ധനകാര്യ വകുപ്പിൽ പരിശോധിച്ച് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ അല്ലാത്ത ശമ്പളരഹിത അവധിയായി ക്രമീകരിച്ചതുമായ അവധി മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള അവധിയായി മാറ്റി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം 2010-ൽ ലഭിച്ചിട്ടുണ്ട്.

(ബി&സി) ആദ്യത്തെ അവധി അപേക്ഷയിൽ ഭരണ വകുപ്പിന്റെ ശുപാർശ പരിശോധിച്ച് റൂൾ 88 (ii) ഭാഗം 1, കെ.എസ്. ആർ-ൽ ഇളവു വരുത്തി മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ അല്ലാതെ ശൂന്യവേതനാവധി അനുവദിച്ചു. ധനകാര്യ വകുപ്പിന്റെ അനുമതിയോടെ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത് ആരോഗ്യവകുപ്പാണ്. ഇപ്പോഴത്തെ അപേക്ഷ പ്രസ്തുത ഹയലുമായി പരിശോധിച്ച് നിജസ്ഥിതി ബോദ്ധ്യപ്പെട്ട് ശുപാർശ ചെയ്യേണ്ടത് ഭരണവകുപ്പാണ്.

(ഡി) ഭരണവകുപ്പ് പുതിയ അപേക്ഷയിന്മേലുള്ള നിജസ്ഥിതി പരിശോധിച്ച് ശുപാർശ ചെയ്യുമ്പോൾ മാത്രമേ കൂടുതൽ പരിശോധനയ്ക്ക് വിധേയമാക്കി നടപടി എടുക്കുവാൻ ധനകാര്യവകുപ്പിന് സാധിക്കുകയുള്ളൂ.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly